LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബർ

169 (1996) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന് തുറമുഖ വകുപ്പ് എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അല്ലാത്തവ എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പുതിയാപ്പ ഹാർബറിന് 374.89 ലക്ഷം രൂപ തുറമുഖ വകുപ്പ് ചെലവഴിച്ചു.

(ബി) അനുവദിക്കപ്പെട്ട എട്ട് പ്രവൃത്തികളിൽ അഞ്ചെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒരു പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

നമ്പർ	പ്രവൃത്തിയുടെ പേര്	അവസ്ഥ
1	പുതിയാപ്പ ഡ്രഡ്ജിംഗ്	പുരോഗമിക്കുന്നു
2	ഇൻവെസ്റ്റിഗേഷൻ രണ്ടാംഘട്ട വികസന പ്രവൃത്തി	പൂർത്തീകരിച്ചു
3	ആർ.കെ.വി.വൈ.-ഐസ് പ്ലാന്റിന്റെ നിർമ്മാണം	പൂർത്തീകരിച്ചു
4	ഐസ് ക്രഷിംഗ് ഷെഡിന്റെ നിർമ്മാണം	പുരോഗമിക്കുന്നു
5	ബൊള്ളാർഡ് സ്ഥാപിക്കുന്ന പ്രവർത്തി	പൂർത്തീകരിച്ചു
6	പാർക്കിംഗ് ഏരിയയുടെ നിർമ്മാണം	പൂർത്തീകരിച്ചു
7	ഹാർബറിലെ ഇന്റേണൽ റോഡിന്റെ നിർമ്മാണം	പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു
8	ഫെന്റർ സ്ഥാപിക്കുന്ന പ്രവൃത്തി	പൂർത്തീകരിച്ചു